DESPATCHED
On. 28/06/2020
17·3·20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.2506(2)/2015**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.17275/എസ്.ഐ.സി–ജി 6/15

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ.സതീഷ് ചന്ദ്രബോസ്
പ്രസിഡന്റ് ,നാഷണൽ തിങ്കേഴ്സ് ഫോറം
വാടനപ്പള്ളി–680614
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
ഡിസ്ട്രിക്ട് ഓഫീസ് ഓഫ് ദി ഡിപ്പാർട്ട്മെന്റ് ഓഫ്
മൈനിംഗ് ആന്റ് ജിയോളജി
മിനി സിവിൽ സ്റ്റേഷൻ
ചെമ്പുക്കാവ്, തൃശൂർ
2. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
സ്റ്റേറ്റ് എൻവയേൺമെന്റൽ ഇംപാക്ട്
അസസ്സ്മെന്റ് അതോറിറ്റിയുടെ കാര്യാലയം (SEIAA)
തിരുവനന്തപുരം
3. അപ്പീൽ അധികാരി ആന്റ് അഡീഷണൽ ഡയറക്ടർ
അഡീഷണൽ ഡയറക്ടർ ഇൻ ചാർജ്
ഡയറക്ടറേറ്റ് ഓഫ് മൈനിംഗ് ആന്റ് ജിയോളജി
കേശവദാസപുരം, പട്ടം പാലസ് പി.ഒ
തിരുവനന്തപുരം–695 004

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 01.09.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 18.09.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 30.09.2015 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 28.10.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 06.11.2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 09.11.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20.11.2015,11.11.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 05.12.2015,27.11.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.11.2019, കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 01.09.20.15 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ 1999 മുതൽ ലുലു കൺവെൻഷൻ സെന്റർ, ശോഭ സിറ്റി എന്നീ കെട്ടിടങ്ങൾ പണിയുവാൻ പാരിസ്ഥിതികാനുമതി ലഭിച്ചതിന്റെ കോപ്പിയും ജില്ലാ കളക്ടറിൽ നിന്നും ലഭിച്ചിട്ടുള്ള എൻ.ഒ.സി യുടെ കോപ്പിയും SEIAA യിൽ നിന്നും കൊടുത്ത പാരിസ്ഥിതിക അനുമതിയുടെ കോപ്പിയും നൽണമെന്നാണ് ആവശ്യപ്പെട്ടത്.
3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 18.09.2015 ൽ നൽകിയ മറുപടിയിൽ പ്രസ്തുത അപേക്ഷയുടെ പകർപ്പ് തൃശൂർ കളക്ടറുടെ കാര്യാലയത്തിലേയ്ക്കും തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റിയുടെ കാര്യാലയത്തിലേയ്ക്കും അയച്ചു നൽകി എന്നാണ്. 12.10.2015 ൽ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) ന്റെ കാര്യാലയത്തിൽ നിന്നും ലഭിച്ച കത്തിൽ ലുലു കൺവെൻഷൻ സെന്റർ, ശോഭ സിറ്റി എന്നീ കെട്ടിടങ്ങൾ പണിയുവാൻ പാരിസ്ഥിതികാനുമതി, എൻ. ഒ.സി എന്നിവ ലഭിച്ചതിന്റെ രേഖ ടി ഓഫീസിൽ ലഭ്യമല്ലെന്നാണ്.
4. ടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് ഹർജിക്കാരൻ 30.09.2015 ന് അപ്പീൽ സമർപ്പിക്കുകയും 28.10.2015 ന് അപ്പീൽ അധികാരി മറുപടി നൽകുകയും ചെയ്തു.
5. 27.11.2019 ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ എസ്.പി.ഐ.ഒ ആന്റ് ലീഗൽ ഓഫീസർ SEIAA പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട എറണാകുളം ജില്ലയിലെ ലുലു കൺവെൻഷൻ സെന്റർ ന് 86/ SEIAA/KL/379/2013 നമ്പർ പ്രകാരം 23.08.2013 ൽ ടി അതോറിറ്റി പാരിസ്ഥിതികാനുമതി നൽകിയിട്ടുള്ളതാണെന്നും ആയതിന്റെ പകർപ്പ് ഹാജരാക്കുന്നുവെന്നും, പ്രസ്തുത ഉത്തരവിന്റെ പകർപ്പ് SEIAA യുടെ www.seiaakerala.org എന്ന വെബ് സൈറ്റിൽ നിന്നും ലഭ്യമാണെന്നും, തൃശൂർ ജില്ലയിലെ ശോഭ സിറ്റിക്ക് പാരിസ്ഥിതികാനുമതി നൽകിയിരിക്കുന്നത് കേന്ദ്ര പരിസ്ഥിതി മന്ത്രാലയമാണെന്നാണ്.

6. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾക്ക് മറുപടി നൽകിയതായി കാണുന്നതിനാൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് നൽകണമെന്ന നിർദ്ദേശത്തോടെ ടി പരാതിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 17-ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

res